# കേരള സർവകലാശാല

നം.പി.ആർ.169/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 ആഗസ്റ്റിൽ നടത്തുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) (2014 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാതീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ് ആഗസ്റ്റ് 7 ന് നടത്താനിരുന്ന SN 1431 – Correction and Translation (Nyaya) SS 1431 – Poetics III, SV 1431 – Poetics in Sanskrit & Sanskrit Literature, SY 1431 – Liberal Interprepation of Panini, SJ 1431 – Thamboola Vicharah (2013, 14 & 15 Admissions), SJ 1431 – Bhugola Parijnanam (2016 Admission onwards) എന്നീ പരീക്ഷകൾ ആഗസ്റ്റ് 9 ന് 2 മണി മുതൽ 5 വരെ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## ഓൺലൈൻ രജിസ്ട്രേഷൻ

2019 സെപ്റ്റംബർ 18 മുതൽ ആരംഭിക്കുന്ന ബി.എ എസ്.ഡി.ഇ ബിരുദ (2017 അഡ്മിഷൻ) മൂന്നും നാലും സെമസ്റ്റർ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 3 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജനുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (2014 & 2011 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 12 വരെ അപേക്ഷിക്കാം. 2019 മേയിൽ നടന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2018 ഡിസംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ ഹിസ്റ്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. 2019 ജനുവരിയിൽ നടന്ന ഒന്നാം വർഷ എം.വി.എ (പെയിന്റിംഗ്) നാലാം വർഷ എം.വി.എ (പെയിന്റിംഗ് ആന്റ് ആർട്ട് ഹിസ്റ്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 17 വരെ അപേക്ഷിക്കാം.

## സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാം

സർവകലാശാല ഹോസ്റ്റലുകളിലേയ്ക്ക് 2019 – 20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത്, ബി.പി.എൽ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത എന്നാൽ ബി.പി.എൽ സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 7 വൈകുന്നേരം 5 മണി വരെ പ്രൊഫൈലിൽ ബി.പി.എൽ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാവുന്നതാണ്. പുതുക്കിയ ലിസ്റ്റ് ആഗസ്റ്റ് 9 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## സൂക്ഷ്മപരിശോധന

ആറാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി ഫെബ്രുവരി 2019, എട്ടാം സെമസ്റ്റർ ബി.ടെക് സപ്ലി മെന്ററി ഡിസംബർ 2018, എട്ടാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം ഡിസംബർ 2018, എട്ടാം സെമസ്റ്റർ ബി.ടെക് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ഏപ്രിൽ 2019, ആറാം സെമ സ്റ്റർ ബി.ടെക് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം മാർച്ച് 2019 എന്നീ 2013 സ്കീമിലുള്ള ബി.ടെക് പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ VII)ആഗസ്റ്റ് 6 മുതൽ 9 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## സീറ്റ് ഒഴിവ്

കാര്യവട്ടത്തെ എം.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്ടോ ഇലക്ട്രോ ണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) (ഒപ്ടോ ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ്), എം. ടെക് ടെക്നോളജി മാനേജ്മെന്റ് (ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്), എം.ടെക് കമ്പ്യൂട്ടർ സയൻസ് (കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ്) എന്നീ പ്രോഗ്രാമുകളിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 9 ന് 10.00 മണിയ്ക്ക് അതത് പഠന വകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോസ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിന് 2019 – 20 ലേക്കുള്ള അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോ ബർ 10 ഫോൺ: 0471 2308214. വിശദവിവരങ്ങൾക്ക്: www.cgist.ac.in

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2019
## എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 13–ന് സെനറ്റ് ഹാളിൽ

2019–20–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ ആഗസ്റ്റ് 13–ന് ഹാജരാകേണ്ടതാണ്. രാവിലെ 9 മണി മുതൽ 11

മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ പ്രവേശന ഫീസ് (310/- രൂപ) ഒടുക്കേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 310/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് കൈവശം സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.

<u>പ്രത്യേക കുറിപ്പ്</u>: എല്ലാ പ്രധാന പത്രങ്ങളുടേയും എല്ലാ എഡിഷനുകളിലും 2019 ആഗസ്റ്റ് 06, 08, 10 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.

## <u>എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ്</u>

2019-20-ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ ആഗസ്റ്റ് 07 നും കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ. കോളേജിൽ ആഗസ്റ്റ് 08 നും ഹാജരാകേണ്ടതാണ്. അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിൽ ആഗസ്റ്റ് 08 നും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിൽ ആഗസ്റ്റ് 09 നും ഹാജരാകേണ്ടതാണ്. രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

**രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ച തിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ.**

**അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (940/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുക യാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 220/- രൂപയും ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 940/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.**

**പ്രത്യേക കുറിപ്പ്:** എല്ലാ പ്രധാന പത്രങ്ങളുടേയും എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്.

**05-08-2019**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**